**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2878** — **10.03.2017-ൽ മറുപടിക്ക്**

## മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ സബ്സിഡി ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത്; യഥാസമയം സബ്സിഡി വിതരണം ചെയ്യാത്തത് തൊഴിലാളികൾക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) യും (ബി)യും | മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണക്കുള്ള സബ്സിഡി 2016-17 വർഷത്തിൽ നവംബർ 2016 വരെ ആകെ 13.5 കോടി രൂപ നൽകിയിട്ടുണ്ട്. ഇനി ഡിസംബർ 2016 മുതൽ മാർച്ച് 2017 വരെ മണ്ണെണ്ണ സബ്സിഡി നൽകുന്നതിനു വേണ്ടി 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് മത്സ്യഫെഡിന് നൽകാൻ ബാക്കിയുള്ളത്; സർക്കാർ സഹായം യഥാസമയം നൽകാത്തതാണ് ഇതിന്റെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ വെട്ടിക്കുറച്ചിട്ടുള്ളത്; ഈ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കാത്തത് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ദോഷകരമായി ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഈ സർക്കാർ വന്ന ശേഷം ആനുകൂല്യങ്ങളൊന്നും വെട്ടിക്കുറച്ചിട്ടില്ല. മത്സ്യഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ